8-ാം വർഷം
2024 ഫെബ്രുവരി 16
ദനഹാ ഏഴാം ഞായർ

Laity Reflect on
SYRO-MALABAR SUNDAY MASS
SCRIPTURE READINGS



# വിശ്വാസത്തിലെ പ്രകാശഗോപുരം

നിയ 14:22-15:4, ഏശ42:5-9, 1 തിമോ 6:17-21, മത്തായി 8:5-13

യേശു അപ്പവും മീനും വർധിപ്പിച്ച സംഭവത്തേക്കുറിച്ച് കുർബാനമധ്യേ വിശദീകരിച്ച ശേഷം വൈദികൻ കുട്ടികളോട് ചോദ്യങ്ങൾ ചോദിക്കാൻ തുടങ്ങി. എന്താണ് യേശു വർധിപ്പിച്ചത് എന്നായിരുന്നു ചോദ്യം.... നിസ്സാരമായി തന്നെ കുട്ടികൾ ഉത്തരം പറഞ്ഞു, അപ്പം....ചിലർ മീനെന്ന് പറഞ്ഞു. വൈദികന്റെ മുഖത്ത് തൃപ്തി കാണായ്കയാൽ ചിലർ അപ്പവും മീനുമെന്ന് ചേർത്തു പറഞ്ഞു......

എന്നാൽ ഒരു കൊച്ചുകുട്ടി കൈ ഉയർത്തി ഇങ്ങനെ പറഞ്ഞു, ഈശോ തമ്പായി വർധിപ്പിച്ചത് വിശ്വാസമാണ്.....

വൈദികന്റെ മുഖത്ത് സന്തോഷത്തിന്റെ ഒരു ചിരി തെളിഞ്ഞു...

ശതാധിപന്റെ ഭൃത്യനെ നിന്ന നില്പിൽ സുഖപ്പെടുത്തിയ നിമിഷങ്ങളിൽ യേശുവിന്റെ മുഖത്തും ഒരു ചിരി പടർന്നിരിക്കണം.

വിശ്വാസം എന്നത് പ്രത്യാശിക്കുന്നവ ലഭിക്കുമെന്ന ഉറപ്പും കാണപ്പെടാത്തവ ഉണ്ട് എന്ന ബോധ്യവുമാണ്..(ഹെബ്രാ 11/1). ഞാനിത് പറയുമ്പോൾ സിനിമയിൽ ഇന്നസെന്റ് പറയുംപോലെ ഇന്നസെന്റായി തന്നെ, കേട്ടിട്ടുണ്ട്... കേട്ടിട്ടുണ്ട്...എന്നിങ്ങനെ നിങ്ങൾ തലയാട്ടുന്നുണ്ടാകണം.

ഇത് തിയറിയാണ്... നിങ്ങൾക്കിത് കാണാപ്പാഠമായിരിക്കാം.എന്നാൽ പ്രാക്ടിക്കലിന് നിങ്ങൾക്ക് എത്രമാർക്ക് കിട്ടും? അനുദിന ജീവിതത്തിൽ ഈ വിശ്വാസത്തെ കൂട്ടിപ്പിടിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടോ?

യേശുവിൽ വിശ്വസിക്കുകയും കീശയിൽ ആശ്വസിക്കുകയും ചെയ്യുന്ന ഭൂരിപക്ഷംവരുന്ന മാമ്മോദീസ ക്രിസ്ത്യാനികളായ നമ്മുടെ മുന്നിലേക്ക് ബൈബിൾ വിജാതീയനായ ഒരു ശതാധിപനെ നീക്കി നിർത്തിയിരിക്കുന്നു. ഇതാ.. കാണൂ... കണ്ടുപഠിക്കൂ... എന്ന് ഈശോയേക്കൊണ്ട് തന്നെ പറയിക്കുന്നു.

നൂറോളം പേരടങ്ങുന്ന ഒരു സൈന്യത്തിന്റെ തലവനാണയാൾ. അധികാരമുള്ളയാൾ, രാജാവടക്കമുള്ളവരോട് അടുപ്പം പുലർത്തുന്നയാൾ.



ജിജോ സിറിയക്

യേശുവിനെ പോലുള്ള ഒരാളുടെ അടുത്തേക്ക് ചെല്ലുന്നതുപോലും മറ്റുള്ളവർ കുറച്ചിലായി കരുതാം. ഉന്നത അധികാരികൾ സംശയത്തോടെ വീക്ഷിക്കാം, രാജ്യദ്രോഹ പ്രവർത്തിയെന്ന് നാളെ വേണമെങ്കിൽ വ്യാഖ്യാനിക്കപ്പെടാം.

അത്തരം ആകുലതകളൊന്നുമില്ലാതെ എളിമയോടെ അദ്ദേഹം യേശുവിനെ സമീപിക്കുന്നു. ഒരു സിനിമയിലെന്ന പോലെ നമുക്ക് മനസിന്റെ സ്ക്രീനിൽ ഈ ചിത്രം തെളിഞ്ഞു കാണാം. നിരത്തിലും ആരാധനാലയങ്ങളിലും വരെ കാക്കിയിട്ടവന്റെ അധികാര ഗർവിന്റെ പരാക്രമങ്ങൾ കണ്ട് മനസുമടുത്ത നമുക്ക് ചിന്തിക്കാവുന്നതിനുമപ്പുറമുള്ള വിനീതവിധേയ ഭാവത്തോടെയാണ് ശതാധിപൻ യേശുവിനെ സമീപിക്കുന്നത്. അധികാരത്തിന്റെ എല്ലാ ആഡംബരങ്ങളിൽ നിന്നും മോചിതനായി അയാൾ ഒരു യാചകനായി മാറുന്നു, തന്റെ ഭൃത്യന്റെ സൗഖ്യത്തിനായി അയാൾ യേശുവിനോട് യാചിച്ചു എന്നാണ് സുവിശേഷം പറയുന്നത്.

യേശുവിന് ഈ യാചനയ്ക്ക് കാതുകൊടുക്കാതിരിക്കാനാകില്ല. കാരണം ശതാധിപൻ ആവശ്യപ്പെട്ട കാര്യം തനിക്കോ, തന്റെ ചാർച്ചക്കാർക്കോ വേണ്ടിയായിരുന്നില്ല, വീട്ടിലെ ഭൃത്യനുവേണ്ടിയായിരുന്നു.

സ്വർഗത്തിന്റെ മഹിമകൾ വിട്ടൊഴിഞ്ഞ് ദൈവപുത്രൻ ഭൂമിയിൽ നിസ്വനായി അവതരിച്ചതിന്റെ ഒരു ചെറുപതിപ്പായി ഇതിനെ കാണാം. തന്റെ ഭൃത്യന്റെ രോഗവസ്ഥയിൽ നിന്നുള്ള വിമോചനത്തിനായി ശതാധിപൻ ഒരു യാചകനായി പരിണമിക്കുന്നു.

പള്ളിയിലും ധ്യാനകേന്ദ്രങ്ങളിലുമൊക്കെ പോയി നമ്മൾ സമർപ്പിക്കുന്ന യാചനകളുടെ നീണ്ട ലിസ്റ്റിൽ ഏതെങ്കിലും ഭൃത്യൻ ഇടംപിടിച്ചിട്ടുണ്ടോ? സ്വന്തം നിലയും വിലയും മറന്ന്, പദവിക്കുതന്നെ വെല്ലുവിളിയാകും വിധം മറ്റൊരു മനുഷ്യനുവേണ്ടി വിനയപൂർവം യാചിക്കാൻ നമ്മളിൽ എത്രപേർ തയ്യാറാകും.?

വീട്ടിലേക്ക് വരാമെന്നു പറഞ്ഞ യേശുവിനോട് അയാൾ പറയുന്നു, നീ എന്റെ ഭവനത്തിൽ പ്രവേശിക്കാൻ ഞാൻ യോഗ്യനല്ല, നീ ഒരുവാക്ക് ഉച്ചരിച്ചാൽ മതി എന്റെ ഭൃത്യൻ സുഖപ്പെടും.

ഇത് എളിമപ്പെടൽ മാത്രമല്ല, സ്വയം തിരിച്ചറിയൽ കൂടിയാണ്. താനൊരു വിജാതീയനും പാപിയുമാകയാൽ ദൈവത്തെ സ്വീകരിക്കാൻ അയോഗ്യനാണെന്ന തിരിച്ചറിവ്.. തന്റെ ആത്മീയസ്ഥിതിയെക്കുറിച്ചുള്ള ഒരു ഏറ്റുപറച്ചിൽക്കൂടി ഇവിടെ വായിച്ചെടുക്കാം. ഒപ്പം യേശുവിന്റെ ഒരു വാക്ക് മതി തന്റെ വാല്യക്കാരന് സൗഖ്യം ലഭിക്കാനെന്ന ഉറച്ച ബോധ്യവും.

ക്രിസ്തുവിനെ അടുത്തറിഞ്ഞ ലാസറിന്റെ കുടുംബം, കല്ലറയുടെ കല്ല് നീക്കാൻ പറയുമ്പോൾ എന്താണ് പറയുന്നത്... മരിച്ചിട്ട് നാല് ദിവസമായി, ഇപ്പോൾ ദുർഗന്ധമായിട്ടുണ്ടാകും എന്നാണ്...

ഇവിടെയാണ് ശതാധിപൻ വ്യത്യസ്ഥനാകുന്നത്. ഒരിക്കലും കാണാത്ത, മുഖം തിരിച്ചറിയാത്ത ഒരാളെ ഒറ്റവാക്കിനാൽ യേശുവിന് സുഖപ്പെടുത്താൻ കഴിയുമെന്ന വിശ്വാസബോധ്യത്തിന്റെ വേരും കിഴങ്ങും എത്ര ആഴത്തിലുള്ളതായിരിക്കും. അതൊരിക്കലും നശിക്കില്ല... ഏതെങ്കിലും പ്രതികൂല സാഹചര്യത്തിൽ ഒന്നുവാടിയാൽ തന്നെ അടുത്ത മഴയിൽ കൂടുതൽ കരുത്തോടെ തഴച്ചുവളരും.

അബ്രാഹം മകനെ ബലി നൽകാൻ സന്നദ്ധനായതും നോഹ പെട്ടകം പണിയാൻ മുന്നിട്ടിറങ്ങിയതുമടക്കം ഇസ്രായേലിന്റെ ചരിത്രത്തിൽ കണ്ടുമുട്ടുന്ന വിശ്വാസഗോപുരങ്ങൾക്കൊപ്പം മഹിമയാർന്ന ഒന്നാണ് ശതാധിപന്റെ വിശ്വാസം എന്ന് നാം തിരിച്ചറിയണം. അതുകൊണ്ടാണ് ഇതുപോലൊരു വിശ്വാസം ഇസ്രായേലിൽ ഒരുവനിൽ പോലും ഞാൻ കണ്ടിട്ടില്ല എന്ന് യേശുതന്നെ സാക്ഷ്യ പത്രം നൽകുന്നത്. ആ സാക്ഷ്യപത്ര ത്തിന്റെ ബലത്തിലാണ് 2000 വർഷങ്ങൾക്ക് ശേഷവും ശതാധിപൻ ഈ ബലിവേദിയിൽ അനുസ്മരിക്കപ്പെടുന്നത്.

ക്രിസ്ത്യാനിയായി ജനിച്ചതുകൊണ്ട് നമ്മൾ രക്ഷപെടണമെന്നില്ല. വിശ്വാസംവഴി ലഭിക്കുന്ന കൃപയാലാണ് നാം രക്ഷിക്കപ്പെടുന്നത്. വിശ്വാസമില്ലാതെ ദൈവത്തെ പ്രസാദിപ്പിക്കുക സാധ്യമല്ല( ഹെബ്ര 11/6) എന്നറിയാമല്ലോ. അചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും അപ്പുറമുള്ള ദൈവത്തെ കണ്ടെത്താനും സ്വീകരിക്കാനും പകർന്നുകൊടുക്കാനും കഴിയുമ്പോഴാണ് നമ്മിൽ ദൈവം പ്രസാദിക്കുക. ആചാരങ്ങൾ അടയിരിക്കാനുള്ള ഉമിത്തട്ടുകളല്ലെന്നും ആത്മീയ വളർച്ചയ്ക്കുതകേണ്ട പോഷണങ്ങളാണെന്നും എന്നാണ് നാം തിരിച്ചറിയുക.

പലപ്പോഴും കൂടുമത്സ്യങ്ങളേപ്പോലെയാണ് നാം, പുഴയിലും കായലിലുമാണ് ജീവിതം.. പക്ഷേ സഞ്ചാര സ്വാതന്ത്ര്യമുണ്ടാകില്ല, സ്വാഭാവിക പോഷണത്തിന് പകരം കൃത്രിമ ഭക്ഷണമാകും. അതോടെ ആത്മീയ ജീവിതത്തിന്റെ ആഴങ്ങളും കുളിരും ഒഴുക്കും നമുക്ക് അനുഭവിക്കാനാകില്ല. സ്വാഭാവിക വളർച്ച നഷ്ടപ്പെടും.... പലപ്പോഴും അന്ത്യം ആരുടെയെങ്കിലും തീൻമേശയിലായിരിക്കും.

ശതാധിപനെപ്പോലെ ഇന്ന് അനേകർ ഇതരമതങ്ങളിൽ നിന്നും ക്രിസ്തുവിനെ അറിഞ്ഞും അനുഭവിച്ചും ദൈവവരപ്രസാദം നേടുമ്പോൾ നമ്മൾ അർഥശൂന്യമായ വിവാദങ്ങളിലും കലഹങ്ങളിലും കുരുങ്ങി ആത്മീയ ജീവിതം തന്നെ കൂമ്പടുന്ന സ്ഥിതിയിലേക്ക് അധപ്പതിക്കും. അങ്ങിനെ മുമ്പൻമാർ പിമ്പൻമാരും, പിമ്പൻമാർ മുമ്പൻമാരുമായി മാറുമെന്ന തിരുവെഴുത്ത് നിറവേറും... രാജ്യത്തിന്റെ മക്കളാകട്ടെ പുറത്തുള്ള അന്ധകാരത്തിലേക്ക് എറിയപ്പെടും, അവിടെ വിലാപവും പല്ലുകടിയുമായിരിക്കും ...എന്ന വചനം നമ്മളെ നോക്കി പല്ലിളിച്ചുകാട്ടുന്നുണ്ടോ?ഒരു ആത്മശോധന നന്നായിരിക്കും.

പരീക്ഷിക്കപ്പെടുമ്പോൾ വിശ്വാസത്തിൽ കൂടുതൽ സ്ഥിരത ലഭിക്കും. ഇത് പരീക്ഷണങ്ങളുടെ കാലമാണ്. പ്രവർത്തികൂടാതെയുള്ള വിശ്വാസത്തിന്റെയും വിശ്വാസമില്ലാത്ത പ്രവർത്തികളുടെയും ഭരണകാലം. ഇവിടെ വിശ്വാസത്തിൽ ആഴപ്പെടാൻ ശതാധിപൻ നമുക്ക് ഒരു കൈത്താങ്ങാകട്ടെ. സാമൂഹ്യ മാധ്യമങ്ങളും അത് നട്ടുനനച്ച് വളർത്തുന്ന ഉപഭോഗ സംസ്കാരവുമെല്ലാം നമ്മുടെ വിശ്വാസത്തെ മാന്തിയെടുക്കാൻ നിരന്തരം യത്നിച്ചുകൊണ്ടിരിക്കുകയാണ്. അതിനാൽ തന്നെ വിശ്വാസത്തിൽ കൂടുതൽ ആഴപ്പെടേണ്ട കാലമാണിത്. വിശ്വാസവും അവിശ്വാസവും അന്ധവിശ്വാസവുമൊക്കെ തമ്മിലുള്ള അതിർവരമ്പുകൾ നേർത്തുവരുമ്പോൾ നമുക്ക് വചനം കൈയ്യിലെടുക്കാം... വിശ്വാസജീവിതത്തിൽ പ്രകാശഗോപുരങ്ങളായവർ പ്രചോദനാകേന്ദ്രങ്ങളാകട്ടെ.

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com